**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 97

21.3.2013 ൽ
മറുപടിയ്ക്ക്

## നെല്ല് സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി :<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. സി.കെ.സദാശിവൻ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നെല്ല് സംഭരണത്തിൽ വൻതോതിൽ കുറവുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | നെല്ല് സംഭരണത്തിൽ കുറവുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണത്തിൽ പാളിച്ച പറ്റിയതായി വിലയിരുത്തിയിട്ടുണ്ടോ ; സംസ്ഥാനത്ത് 2012-13 ൽ ഇതുവരെ എത്ര മെട്രിക് ടൺ നെല്ല് സംഭരിച്ചു എന്ന് വ്യക്തമാക്കാമോ ; ലക്ഷ്യം എത്രയായിരുന്നു ; | ബി) | സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണത്തിൽ പാളിച്ചകളൊന്നും സംഭവിച്ചിട്ടില്ല. കടുത്ത വരൾച്ച മൂലം നെല്ലുല്പാദനത്തിൽ വൻകുറവ് സംഭവിച്ചിട്ടുള്ളതിനാലും തൽഫലമായി നെല്ലിന്റെ ആവശ്യം വർദ്ധിച്ചിട്ടുള്ളതിനാലും സംഭരണത്തിൽ കുറവ് വന്നിട്ടുണ്ട്. 2012-13 സീസണിൽ ഇതുവരെ (13.3.2013) 1.65 ലക്ഷം മെ.ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ജൂൺ ആദ്യവാരം വരെ തുടരുന്ന ഈ വിളവെടുപ്പ് വർഷത്തിൽ 5.5 ലക്ഷം മെ.ടൺ നെല്ല് സംഭരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. |
| സി) സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി പൊതുവിതരണ ശൃംഖലകൾ വഴി കൃത്യമായി വിതരണം ചെയ്യാനാവുന്നില്ല എന്ന ആക്ഷേപം നിലനിൽക്കുന്നുണ്ടോ ; നെല്ല് കുത്താൻ ഏൽപ്പിക്കുന്ന മിൽ ഉടമകൾ അരി തിരിമറി നടത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | സി) | സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി പൊതുവിതരണ ശൃംഖലകൾ വഴി കൃത്യമായി വിതരണം ചെയ്തു വരുന്നുണ്ട്. കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകൾ കർഷകരിൽ നിന്നും ശേഖരിക്കുന്ന നെല്ല് കുത്തി നിശ്ചിത ഗുണനിലവാരത്തിലുള്ള അരി വിതരണം ചെയ്യുന്നു എന്നുറപ്പുവരുത്തുവാനായി, എട്ടോളം പരിശോധനാ ടീമുകളെ നിയമിച്ചിട്ടുണ്ട്. മില്ലുകളിൽ നിന്നും അരി അവരുടെ സാന്നിദ്ധ്യത്തിൽ, റേഷൻ മൊത്ത വ്യാപാരികളുടെ വാഹനത്തിൽ കയറ്റി വിടുകയാണ് ചെയ്യുന്നത്. |
| ഡി) നെല്ലിന്റെ സംഭരണവില ഉയർത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ; | ഡി) | സംഭരണവില ഉടനെ വീണ്ടും വർദ്ധിപ്പിക്കേണ്ട സാഹചര്യം നിലവിലുണ്ടെന്ന് കരുതുന്നില്ല. |

| | | | |
|---|---|---|---|
| ഇ) | നെല്ല് സംഭരണം കുറയുന്നത് മാർക്കറ്റിൽ അരിവില വീണ്ടും വർദ്ധിക്കുന്നതിന് കാരണമാകും എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | ഇ) | നെല്ല് സംഭരണം കുറയുന്നത് മാർക്കറ്റിൽ അരിവില വീണ്ടും വർദ്ധിക്കുന്നതിന് കാരണമാകും എന്ന് കരുതുന്നില്ല. നെല്ല് സംഭരണം കുറഞ്ഞാലും പൊതുവിതരണ ശൃംഖല വഴിയുള്ള റേഷൻ വിതരണത്തിൽ ഒരു കുറവും സംഭവിക്കുകയില്ല. കാരണം. ഓരോ മാസത്തേയ്ക്കുമുള്ള റേഷൻ വിഹിതം എഫ്.സി.ഐ യിൽ നിന്നുള്ള അരിയും സി.എം.ആർ ഉം കൂടി ചേർന്നുള്ളതാണ്. സി.എം.ആർ ന്റെ വിഹിതം കുറഞ്ഞാൽ എഫ്.സി.ഐ വിഹിതം കൂട്ടി കുറവ് നികത്തി കൊള്ളും. |
| എഫ്) | അടുത്ത സീസണിൽ നെല്ല് സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനും മിൽ ഉടമകളുടെ ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | എഫ്) | നടപടികൾ ഇപ്പോഴും സ്വീകരിക്കുന്നുണ്ട്. മില്ലുടമകളുടെ ക്രമക്കേടുകൾ പരിശോധിക്കുന്നതിന് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഒരു റേഷനിംഗ് ഇൻസ്പെക്ടർ, കൃഷി ഓഫീസർ റാങ്കിലുള്ള ഒരു പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീസർ. ബന്ധപ്പെട്ട ഡിപ്പോയിലെ ജൂനിയർ മാനേജർ എന്നിവരടങ്ങിയ 8 ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. മില്ലുടമകൾ ക്രമക്കേട് നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് കൃത്യമായ പരിശോധന സംവിധാനം നിലവിലുണ്ട്. |

Beena

സെക്ഷൻ ഓഫീസർ